## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 968** **12-06-2024 - ൽ മറുപടിയ്ക്ക്**

## തൃശ്ശൂർ ജില്ലയിൽ വന്യജീവി ശല്യം കാരണമുണ്ടായ കൃഷിനാശത്തിന് നഷ്ടപരിഹാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്‌തീൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിൽ വന്യജീവി ആക്രമണം മൂലമുണ്ടായ കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | വന്യജീവി ആക്രമണം മൂലമുണ്ടായ കൃഷിനാശത്തിന് ഇ-ഡിസ്ട്രിക്ട് പോർട്ടലിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് അർഹരായവർക്ക് 08-01-2015 തീയതിയിലെ GO(Ms) 2/2015/വനം നമ്പർ സർക്കാർ ഉത്തരവിന്റെ വ്യവസ്ഥകൾക്ക് അനുസൃതമായി ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.<br><br>**പീച്ചി** - 31-12-2023 വരെ ലഭിച്ച അപേക്ഷകളിൽ നഷ്ടപരിഹാര തുക അനുവദിച്ചിട്ടുണ്ട്. 31-03-2024 വരെയുള്ള അപേക്ഷകളിൽ നഷ്ടപരിഹാര തുക അനുവദിക്കുന്നതിന് അവശേഷിക്കുന്ന അപേക്ഷകളിൽ ആവശ്യമായ രേഖകൾ ലഭിക്കുന്ന മുറയ്ക്ക് നഷ്ടപരിഹാര തുക നൽകുന്നതാണ്.<br><br>**തൃശ്ശൂർ-** 02/2024 വരെ ലഭിച്ച അപേക്ഷകളിൽ നഷ്ടപരിഹാര തുക അനുവദിച്ചിട്ടുണ്ട്<br>31-03-2024 വരെയുള്ള അപേക്ഷകളിൽ നഷ്ടപരിഹാര തുക അനുവദിക്കുന്നതിന് അവശേഷിക്കുന്ന അപേക്ഷകളിൽ ആവശ്യമായ രേഖകൾ ലഭിക്കുന്ന മുറയ്ക്ക് നഷ്ടപരിഹാര തുക നൽകുന്നതാണ്.<br><br>**ചാലക്കുടി-** 12/2023 വരെ ലഭിച്ച അപേക്ഷകളിൽ നഷ്ടപരിഹാര തുക അനുവദിച്ചിട്ടുണ്ട്. 31-03-2024 വരെയുള്ള അപേക്ഷകളിൽ നഷ്ടപരിഹാര തുക അനുവദിക്കുന്നതിന് അവശേഷിക്കുന്ന അപേക്ഷകളിൽ ആവശ്യമായ രേഖകൾ ലഭിക്കുന്ന മുറയ്ക്ക് നഷ്ടപരിഹാര തുക നൽകുന്നതാണ്.<br><br>**വാഴച്ചാൽ-** 03/2024 വരെ ലഭിച്ച അപേക്ഷകളിൽ നഷ്ടപരിഹാര തുക അനുവദിച്ചിട്ടുണ്ട് |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് വടക്കാഞ്ചേരി, പീച്ചി, വാഴാനി, വരന്തപ്പിള്ളി മേഖലകളിൽ വന്യജീവി | (ബി) | ഈ സർക്കാരിന്റെ കാലത്ത് വടക്കാഞ്ചേരി, പീച്ചി, വാഴാനി, വരന്തപ്പിള്ളി മേഖലകളിൽ വന്യജീവി |

| | | | |
|---|---|---|---|
| | ആക്രമണം മൂലമുണ്ടായ കൃഷിനാശത്തിന്റേയും ജീവൻ നഷ്ടപ്പെട്ടവരുടേയും വിശദാംശം ലഭ്യമാക്കാമോ; | | ആക്രമണം മൂലമുണ്ടായ കൃഷിനാശത്തിന്റേയും ജീവൻ നഷ്ടപ്പെട്ടവരുടേയും വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത മേഖലകളിൽ കാട്ടാന ആക്രമണം നടന്ന സ്ഥലങ്ങളിൽ എന്ത് പ്രതിരോധ സുരക്ഷാ സംവിധാനങ്ങളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (സി) | **പ്രസ്തുത മേഖലകളിൽ കാട്ടാന ആക്രമണം നടന്ന സ്ഥലങ്ങളിൽ സൗരോർജ്ജ വേലികൾ, എലിഫന്റ് പ്രൂഫ് ട്രഞ്ച് എന്നിവ നിർമ്മിച്ചിട്ടുണ്ട്. കാടിനോടു ചേർന്ന് ജനവാസ മേഖലകളിൽ സോളാർ സ്ട്രീറ്റ് ലൈറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ NMR വാച്ചർമാരുടേയും ഫീൽഡ് ജീവനക്കാരുടേയും സേവനം ആവശ്യമായ ഘട്ടങ്ങളിൽ ഉപയോഗിച്ചു വരുന്നു. ഇതര ഡിപ്പാർട്ട്മെന്റ് പ്രതിനിധികളേയും സ്ഥലവാസികളേയും ഉൾപ്പെടുത്തി വാട്ട്സാപ്പ് ഗ്രൂപ്പുകളും ജനജാഗ്രതാ സമിതികളും രൂപീകരിച്ച് കർഷകർ, ജനപ്രതിനിധികൾ, സ്ഥലവാസികൾ എന്നിവരുമായി ആശയവിനിമയം നടത്തിയും കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. നൂതന സാങ്കേതിക വിദ്യകളായ SMS അലെർട്ട് സിസ്റ്റം വഴിയും ഡിജിറ്റൽ (സെൻസർ) വാൾ, ഉപയോഗിച്ചു വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മനസ്സിലാക്കി ജനങ്ങൾക്ക് ആവശ്യമായ നിർദ്ദേശം നൽകിവരുന്നുണ്ട്. രാത്രികാല പട്രോളിംഗ് ശക്തിപ്പെടുത്തിയിട്ടുണ്ട്. വന്യജീവികൾ നാട്ടിലേക്ക് ജലം തേടി ഇറങ്ങുന്ന സാധ്യത കുറയ്ക്കുന്നതിന് വനത്തിനകത്ത് കുളങ്ങളും ചെക്കുഡാമുകളും നിർമ്മിച്ചിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനായി പാലപ്പിള്ളി റെയിഞ്ചിൽ റാപ്പിഡ് റെസ്പോൺസ് ടീം രൂപീകരിക്കുന്നതിന് 31-05-2024 ലെ സ.ഉ. (കൈ) 23/24/വനം നമ്പർ സർക്കാർ ഉത്തരവു പ്രകാരം അനുമതി നൽകിയിട്ടുണ്ട്.** |
| (ഡി) | പ്രസ്തുത മേഖലകളിൽ ജീവനക്കാരുടെ അപര്യാപ്തതയും വാഹനങ്ങളുടെ ലഭ്യതക്കുറവും പരിഹരിക്കാൻ എന്തെങ്കിലും പ്രത്യേക സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ഡി) | പീച്ചി ഡിവിഷനിൽ ജീവനക്കാരുടെ അപര്യാപ്തതയില്ല. പീച്ചി-വാഴാനി വന്യജീവി സങ്കേതം, ചിമ്മിനി വന്യജീവി സങ്കേതം എന്നിവിടങ്ങളിൽ രണ്ടു ബോട്ടു ഡ്രൈവർ, ഒരു ഡ്രൈവർ (കവല ഫോറസ്റ്റ് സ്റ്റേഷൻ), ഓഫീസ് അറ്റൻഡന്റ് (ചിമ്മിനി റെയിഞ്ച്) എന്നീ തസ്തികകൾ ഒഴിവുകൾ നിലവിലുള്ളത് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. നിലവിൽ ലഭ്യമായ ഔദ്യോഗിക വാഹനങ്ങൾക്ക് പുറമേ അത്യാവശ്യ സമയങ്ങളിൽ മറ്റു റെയിഞ്ചുകളിലെ വാഹനങ്ങളും താല്ക്കാലിക വാഹനങ്ങളുടെ സേവനവും ഉപയോഗപ്പെടുത്തിവരുന്നുണ്ട്. തൃശ്ശൂർ സർക്കിളിന്റെ കീഴിൽ വരുന്ന തൃശ്ശൂർ, ചാലക്കുടി, വടക്കാഞ്ചേരി, പീച്ചി-വാഴാനി, വരന്തപ്പിള്ളി മേഖലകളിൽ ജീവനക്കാരുടെ അപര്യാപ്തതയും വാഹനങ്ങളുടെ ലഭ്യതക്കുറവും പരിഹരിക്കുന്നതിനായി സ്ഥിരം ജീവനക്കാരോടൊപ്പം കൂടുതൽ താല്ക്കാലിക |

| | | | |
|---|---|---|---|
| | | | വാച്ചർമാരേയും നിയോഗിച്ചിട്ടുണ്ട്. ചാലക്കുടി പരിധിയിൽ വരുന്ന പാലപ്പിള്ളി റെയിഞ്ചിൽ മൂന്നു വാഹനങ്ങൾ നിലവിലുണ്ടായിരുന്നു. അതിൽ ഒരു വാഹനത്തിന്റെ കാലാവധി (15 വർഷം) പൂർത്തിയായതിനാൽ ആയത് കണ്ടം ചെയ്ത് പകരം മറ്റൊരു വാഹനം ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.<br>തൃശ്ശൂർ ഡിവിഷൻ പരിധിയിൽ വരുന്ന വടക്കാഞ്ചേരി റെയിഞ്ചിലേക്ക് ആർ.ആർ.റ്റി. സേവനങ്ങൾക്ക് ഉതകുന്ന ഒരു വാഹനം എം.എൽ.എ. ഫണ്ടിൽ നിന്നും നിലവിൽ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

കൃഷിനാശം

| ഡിവിഷൻ | വന്യജീവി ആക്രമണം മൂലമുണ്ടായ കൃഷിനാശം (എണ്ണം) |
|---|---|
| പീച്ചി-വാഴാനി വന്യജീവി സങ്കേതം | 65 |
| തൃശ്ശൂർ | 16 |
| ചാലക്കുടി | 82 |
| ആകെ | 163 |

ജീവൻ നഷ്ടപ്പെട്ടവരുടെ വിവരം

| ഡിവിഷൻ | വന്യജീവി ആക്രമണം മൂലം ജീവൻ നഷ്ടപ്പെട്ടവരുടെ വിവരങ്ങൾ |
|---|---|
| പീച്ചി-വാഴാനി വന്യജീവി സങ്കേതം | 0 |
| തൃശ്ശൂർ | 1 |
| ചാലക്കുടി | 3 |
| ആകെ | 4 |